## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3824** 　　　　 **23/08/2017-ൽ മറുപടിയ്ക്ക്**

## കോ ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എജ്യൂക്കേഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ടി.എ. റഹീം | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കോ ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എജ്യൂക്കേഷന്റെ (കേപ്പ്) പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | വിവിധ സാങ്കേതിക വിഭാഗങ്ങളിലെ വിദ്യാഭ്യാസവും പരിശീലനവും ഗവേഷണവും വികസനവും കൺസൾട്ടൻസിയും അനുബന്ധ സേവനവും പ്രദാനം ചെയ്യുക എന്നതാണ് കേപ്പിന്റെ പ്രവർത്തനങ്ങൾ. ഇതിനായി സഹകരണ മേഖലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക എന്ന ഉദ്ദേശത്തോടെ 1955 ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് പ്രകാരം കേപ്പ് രൂപീകൃതമായി. |
| (ബി) | കേപ്പിനു കീഴിൽ നിലവിൽ എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്; | (ബി) | കേപ്പിനു കീഴിൽ 9 എഞ്ചിനീയറിംഗ് കോളേജുകളും ഒരു എം.ബി.എ കോളേജും ഒരു ഫിനിഷിംഗ് സ്കൂളും ഒരു ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. |
| (സി) | കേപ്പിനു കീഴിൽ വരുന്ന സ്ഥാപനങ്ങളുടെ ഫീസ് ഘടന നിശ്ചയിക്കുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ; | (സി) | സർക്കാർ നിശ്ചയിക്കുന്ന ഫീസ് കേപ്പ് ഭരണ സമിതി അംഗീകരിച്ച് നടപ്പാക്കുകയാണ് ചെയ്യുന്നത്. |
| (ഡി) | പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് മറ്റ് സ്ഥാപനങ്ങളിൽ ചേരുന്നതിനായി സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ എൻ.ഒ.സി നൽകുന്നതിന് നിലവിൽ നിയന്ത്രണങ്ങളുണ്ടോ? | (ഡി) | അവസാനവട്ട അലോട്ട്മെന്റിന് ശേഷം സ്വകാര്യ സ്വാശ്രയ കോളേജുകളിൽ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്നതിനായി എൻ.ഒ.സി. നൽകുന്നതിന് നിയന്ത്രണമുണ്ട്. |

സെക്ഷൻ ഓഫീസർ